# കേരള കാർഷിക സർവ്വകലാശാല

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്,
വെള്ളാനിക്കര.

## കാർഷിക നിർദ്ദേശക ബുള്ളറ്റിൻ

(ടെലിഫോൺ:04872371931)

## എറണാകുളം

**E mail: kauagmet@yahoo.co.in, cohagmet@kau.in**

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ്29/15,വെള്ളിയാഴ്ച**  **തീയ്യതി 17.07.2015**

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 18.07.2015 | 19.07.2015 | 20.07.2015 | 21.07..2015 | 22.07.2015 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 40 | 45 | 31 | 49 | 41 |
| ഉയർന്ന താപനില (°C ) | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C ) | 24 | 24 | 24 | 24 | 24 |
| മേഘവ്യാപ്തി (ഒക്ട്സ) | 8 | 8 | 8 | 8 | 8 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 76 | 77 | 82 | 78 | 78 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ ) | 015 | 015 | 015 | 015 | 015 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 290 | 280 | 290 | 270 | 270 |

## കാർഷിക നിർദ്ദേശങ്ങൾ:

| വളർച്ച-പരിപാലന ഘട്ടം | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (ചിനപ്പുപൊട്ടുന്ന ഘട്ടം) | ഓലചുരുട്ടി | ക്യുനാൽഫോസ് 2 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. |
| തെങ്ങ് (തടം തുറക്കൽ) | ചെമ്പൻ ചെല്ലി | കള്ള്, പൈനാപ്പിൾ എന്നിവ യീസ്ററ് ചേർത്ത് പുളിപ്പിച്ച് തെങ്ങിൻ തോപ്പിൽ വച്ച് ചെമ്പൻ ചെല്ലിയെ ആകർഷിക്കാം. ഇതിൽ ഏതെങ്കിലും കീടനാശിനി ചേർത്ത് തോട്ടത്തിൽ പല ഭാഗങ്ങളിൽ വച്ചാൽ ഇതിലേയ്ക്ക് ആകർഷിക്കപ്പെടുന്ന കീടങ്ങൾ ചത്തു വീഴും. |
| വാഴ (കുലവരാൻ തുടങ്ങി) | ഇലതീനിപ്പുഴു<br><br>സിഗാടോക്ക രോഗം | ഇവയെ നിയന്ത്രിക്കാനായി 2 മി.ല്ലി ക്വിനാൽഫോസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക.<br><br>ആരംഭഘട്ടത്തിൽ തന്നെ സാഫ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. |
| **പച്ചക്കറികൾ** (വിവിധ ഘട്ടങ്ങൾ)<br><br>മുളക്<br><br>പയർ<br><br>വെണ്ട | കുരുടിപ്പ്<br><br>എഫിഡുകൾ<br><br>മണ്ഡരി | മുളകിൽ കുരുടിപ്പ് രോഗം കണ്ടാൽ 2% വീര്യമുള്ള വേപ്പെണ്ണ-വെളുത്തുള്ളി-സോപ്പ് മിശ്രിതം തളിക്കുക. രോഗം കൂടിയ അളവിൽ പ്രകടമായാൽ ഡൈമെത്തോയേറ്റ് 30 EC എന്ന കീടനാശിനി 1.5 മി.ല്ലി ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് ഇലകളുടെ അടിയിൽ പതിക്കത്തക്ക രീതിയിൽ സ്പ്രേ ചെയ്തു കൊടുക്കുക.<br><br>എഫിഡുകളെ നിയന്ത്രിക്കാനായി 2 മി.ല്ലി ക്വിനാൽഫോസ് അല്ലെങ്കിൽ 1.5 മി.ല്ലി ഡൈമെത്തോയേറ്റ് 30 EC ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക.<br><br>ഒബറോൺ 0.75 മി.ല്ലി ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. |